# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/230/2018 2018 ഒക്ടോബർ 29

## എം.ജി. വാർത്താക്കുറിപ്പ്

---

**പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ഡോക്യുമെന്റേഷൻ (2016 അഡ്മിഷൻ റഗുലർ), മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (2009 - 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 21 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ ഒന്ന വരെയും 500 രൂപ പിഴയോടെ രണ്ടു വരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്‌കീം 2016 അഡ്മിഷൻ റഗുലർ), പഴയ സ്‌കീം (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 22 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ ഒന്ന വരെയും 500 രൂപ പിഴയോടെ രണ്ടുവരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

രണ്ടാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്‌കീം - 2017 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി), പഴയ സ്‌കീം (2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 14 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ ഒന്ന വരെയും 500 രൂപ പിഴയോടെ രണ്ടു വരെയും 1000 രൂപ സൂപ്പർഫൈനോടെ അഞ്ചുവരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

ആറാം സെമസ്റ്റർ എം.എസ്‌സി. മെഡിക്കൽ ബയോകെമിസ്ട്രി (2015 അഡ്മിഷൻ റഗുലർ, 2015ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 30 മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ അഞ്ചു വരെയും 500 രൂപ പിഴയോടെ ഏഴു വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒൻപതു വരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

നാലാം സെമസ്റ്റർ ബി.വോക് (2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ ഒൻപതു മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ നവംബർ ഒന്ന വരെയും 500 രൂപ പിഴയോടെ രണ്ടു വരെയും 1000 രൂപ സൂപ്പർഫൈനോടെ മൂന്ന വരെയും സ്വീകരിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

**പുതുക്കിയ പരീക്ഷാ തീയതി**

ഒക്ടോബർ 31ന് സ്‌കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷൻ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം - പ്രൈവറ്റ് രജിസ്‌ട്രേഷൻ (2017 അഡ്മിഷൻ സി.ബി.സി.എസ്. റഗുലർ/2012-2016 അഡ്മിഷൻ സി.ബി.സി.എസ്.എസ്. ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 14ന് നടക്കും.

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്‌ട്രേഷൻ, 2012-2016 അഡ്മിഷൻ ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 14 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - പ്രൈവറ്റ് രജിസ്‌ട്രേഷൻ - 2017 അഡ്മിഷൻ) പരീക്ഷകൾ നവംബർ 14 മുതൽ ആരംഭിക്കും.

## പരീക്ഷാഫലം

2018 മാർച്ചിൽ എറണാകുളം ഗവ. ലോ കോളേജ്, തൊടുപുഴ അൽ-അസ്ഹർ കോളേജ്, കാണക്കാരി സി.എസ്.ഐ. കോളേജ് ഫോർ ലീഗൽ സ്റ്റഡീസ് എന്നിവിടങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 12 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ ഒന്ന്, രണ്ട്, നാല് സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി (പുതിയ സ്കീം, പഴയ സ്കീം, മേഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 14 വരെ അപേക്ഷിക്കാം.

## കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ്

രണ്ടാം സെമസ്റ്റർ പി.ജി., രണ്ടും അഞ്ചും സെമസ്റ്റർ യു.ജി. പരീക്ഷകളുടെയും കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ നവംബർ രണ്ടു മുതൽ 12 വരെ നടക്കും. ചെയർമാൻ, ഡെപ്യൂട്ടി ചെയർമാൻ, ചീഫ് എന്നീ ചുമതലകളുള്ള അധ്യാപകർ നവംബർ ഒന്നു മുതലും അഡീഷണൽ എക്സാമിനറുടെ ചുമതല നൽകിയിട്ടുള്ള അധ്യാപകർ നവംബർ രണ്ടു മുതലും അതത് മൂല്യനിർണയ ക്യാമ്പുകളിൽ ഹാജരാകണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## സയന്റിഫിക് അസിസ്റ്റന്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ അന്തർ സർവകലാശാല ഇൻസ്ട്രുമെന്റേഷൻ സെന്ററിൽ (ഐ.യു.സി.എസ്.) സയന്റിഫിക് അസിസ്റ്റന്റ് താത്ക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് കാലാവധി. മാസം 20000 രൂപയാണ് പ്രതിഫലം. എം.എസ്സി കെമിസ്ട്രിയാണ് യോഗ്യത. എച്ച്.പി.എൽ.സി./എം.എസ്. പ്രവൃത്തിപരിചയം അഭികാമ്യം. താല്പര്യമുള്ളവർ വിശദമായ ബയോഡാറ്റ 'ദി ഓണററി ഡയറക്ടർ, ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം, പിൻ - 686560' എന്ന വിലാസത്തിലോ cic@mgu.ac.in എന്ന ഇ-മെയിലിലോ രണ്ടാഴ്ച്ചയ്ക്കകം സമർപ്പിക്കണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

## റിസർച്ച് ഫെല്ലോ, റിസർച്ച് അസിസ്റ്റന്റ് ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ പ്രൊജക്ടിൽ റിസർച്ച് ഫെല്ലോ, റിസർച്ച് അസിസ്റ്റന്റ് എന്നീ താത്ക്കാലിക ഒഴിവുണ്ട്. മൂന്നു വർഷമാണ് കാലാവധി. റിസർച്ച് ഫെല്ലോയ്ക്ക് ഫസ്റ്റ് ക്ലാസോടുകൂടിയ എം.എസ്സി. കെമിസ്ട്രി/ തത്തുല്യമാണ് യോഗ്യത. എച്ച്.പി.എൽ.സി./എം.എസ്. പ്രവൃത്തിപരിചയം അഭികാമ്യം. മാസം 22000 രൂപയാണ് പ്രതിഫലം. എം.എസ്സി. കെമിസ്ട്രിയാണ് റിസർച്ച് അസിസ്റ്റന്റിന്റെ യോഗ്യത. മാസം 19000 രൂപയാണ് പ്രതിഫലം. താല്പര്യമുള്ളവർ വിശദമായ ബയോഡാറ്റ മൂന്ന് ആഴ്ച്ചയ്ക്കുള്ളിൽ 'പ്രൊഫ. സി.ടി. അരവിന്ദകുമാർ, പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, മഹാത്മാ ഗാന്ധി സർവകലാശാല, കോട്ടയം, പിൻ - 686 560' എന്ന വിലാസത്തിലോ cic@mgu.ac.in എന്ന ഇ-മെയിലിലോ സമർപ്പിക്കണം. വിശദവിവരം www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും.

## 'വിജ്ഞാനം വിനോദത്തിലൂടെ' സെമിനാർ നാളെ (ഒക്ടോബർ 31)

മഹാത്മാ ഗാന്ധി സർവകലാശാല നാഷണൽ സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ 'വിജ്ഞാനം വിനോദത്തിലൂടെ' എന്ന വിഷയത്തിൽ സെമിനാറും എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെയും വോളണ്ടിയർ സെക്രട്ടറിമാരുടെയും സമ്മേളനവും നാളെ (ഒക്ടോബർ 31) നടക്കും. രാവിലെ 10ന് സർവകലാശാല അസംബ്ലിഹാളിൽ സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം നിർവ്വഹിക്കും. രജിസ്ട്രാർ എം.ആർ. ഉണ്ണി, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു എന്നിവർ പങ്കെടുക്കും. ഡോ. അജു. കെ. നാരായണൻ വിഷയാവതരണം നടത്തും.

## എം.ജി. ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ്

## പരിഷ്ക്കരിക്കുന്നു; 2019–20 മുതൽ പുതിയ സിലബസ്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബിരുദാനന്തരബിരുദ കോഴ്സുകളുടെ സിലബസ് പരിഷ്ക്കരിക്കുന്നു. 2019-20 അഡ്മിഷൻ മുതൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ പി.ജി. കോഴ്സുകൾക്ക് പുതിയ സിലബസ് നിലവിൽവരും. 45 വിഷയങ്ങളിലായി 80 കോഴ്സുകളുടെ സിലബസാണ് പരിഷ്ക്കരിക്കുന്നത്.

ഡയറക്റ്റ് ഗ്രേഡിങ് രീതിയാണ് ഉപയോഗിക്കുക. നിലവിലുള്ള അഞ്ച് പോയിന്റ് സ്കെയിൽ ഗ്രേഡിങ് രീതിയിൽനിന്ന് ഏഴു പോയിന്റ് സ്കെയിൽ ഗ്രേഡിങ് രീതിയിലേക്ക് മാറും. 1.99 വരെ ഡി

ഗ്രേഡ്, 2.00-2.49 സി, 2.50-2.99 സി പ്ലസ്, 3.00-3.49 ബി, 3.50-3.99 ബി പ്ലസ്, 4.00-4.49 എ, 4.50-5.00 എ പ്ലസ് ഗ്രേഡ് എന്ന നിലയിലേക്ക് ജി.പി.എ./എസ്.ജി.പി.എ./സി.ജി.പി.എ. ഗ്രേഡിങ് രീതി മാറും. കോഴ്സ് ജയിക്കുന്നതിന് സി ഗ്രേഡ് ലഭിക്കണം. 75 ശതമാനം ഹാജർ നിർബന്ധമാണ്. പ്രൊജക്റ്റ്/ഡിസട്രേഷൻ എന്നിവയുടെ ഭാഗമായി വിദ്യാർഥികൾ സെമിനാറുകളിലോ വിദഗ്ധ സമിതിക്കു മുമ്പിലോ പ്രബന്ധം അവതരിപ്പിക്കണം. പി.ജി. കോഴ്സിന് 80 ക്രെഡിറ്റാണ് ഉണ്ടാവുക. ഒരു സെമസ്റ്ററിൽ 16 മുതൽ 25 ക്രെഡിറ്റ് നിർബന്ധമാണ്. ഒരു കോഴ്സിന് രണ്ടു മുതൽ അഞ്ചു ക്രെഡിറ്റ് വരെ നൽകാം. ഓരോ കോഴ്സിനും സവിശേഷ കോഡും അക്കത്തിലുള്ള കോഡ് നമ്പരും നൽകും.

2012 നുശേഷം ഇതാദ്യമായാണ് പി.ജി. കോഴ്സുകളുടെ സിലബസ് പരിഷ്കരണം നടക്കുന്നത്. വിവിധ വിഷയങ്ങളിലായി 367 വിദഗ്ധരടങ്ങുന്ന 45 സമിതികളാണ് പുതിയ സിലബസ് തയാറാക്കുക. സിലബസ് പരിഷ്ക്കരണത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിലുള്ള 14 ബോർഡ് ഓഫ് സ്റ്റഡീസിന്റെയും 31 വിദഗ്ധസമിതിയുടെയും നേതൃത്വത്തിൽ മൂന്നുദിവസം നീളുന്ന ശിൽപശാലകൾ സംഘടിപ്പിക്കും. നവംബറിൽ കൊമേഴ്സിന്റെ ശിൽപശാലയോടെ ശിൽപശാലകൾക്കു തുടക്കമാകും.

ഇതുമായി ബന്ധപ്പെട്ട് സർവകലാശാല അസംബ്ളി ഹാളിൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻമാരുടെയും വിദഗ്ധസമിതിയംഗങ്ങളുടെയും യോഗം സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കാനും പുതിയ സാധ്യതകൾ വിദ്യാർഥികൾക്ക് ലഭ്യമാക്കാനും ഉതകുംവിധം സിലബസിൽ കാതലായ മാറ്റം വരുത്തുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. വി.എസ്. പ്രവീൺ കുമാർ, ഡോ. ആർ. പ്രാഗാഷ്, ഡോ. കെ. ജയചന്ദ്രൻ, ഡോ. എ. ജോസ്, ഡോ. എം.എസ്. മുരളി, ഡോ. അജി സി. പണിക്കർ, ഡോ. സന്തോഷ് പി. തമ്പി, അസിസ്റ്റന്റ് രജിസ്ട്രാർ ആർ. ദിലീപ് കുമാർ എന്നിവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ**

**പി.ജി. സിലബസ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് എം.ജി. സർവകലാശാല അസംബ്ലിഹാളിൽ നടന്ന യോഗം സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ ഉദ്ഘാടനം ചെയ്യുന്നു**

**'സമക്ഷം' ട്രെയിലർ കണ്ട് സിനിമയുടെ കഥയെഴുതാം;**

## വിദ്യാർഥികൾക്കായി ട്രെയിലർ ടു ടെയ്ൽ മത്സരം

മഹാത്മാ ഗാന്ധി സർവകലാശാല നിർമിച്ച ആദ്യ ചലച്ചിത്രം 'സമക്ഷ'ത്തിന്റെ റിലീസിങ്ങിനോടനുബന്ധിച്ച് വിദ്യാർഥികൾക്കായി ട്രെയിലർ ടു ടെയ്ൽ മത്സരം നടത്തുന്നു. യൂട്യൂബിലെ എം.ജി.യു. മീഡിയയിൽ അപ്ലോഡ് ചെയ്തിട്ടുള്ള സമക്ഷം സിനിമയുടെ ട്രെയിലർ കണ്ട് ഭാവനാത്മകമായി ചിത്രത്തിന്റെ കഥ മലയാളത്തിൽ എഴുതുന്നതാണ് മത്സരം. സംസ്ഥാനത്തെ സർവകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് പങ്കെടുക്കാം. ഒന്നാം സ്ഥാനം നേടുന്നയാൾക്ക് 10000 രൂപയും പ്രശസ്തിപത്രവും ലഭിക്കും. രണ്ടും മൂന്നും സ്ഥാനങ്ങളിലെത്തുന്നവർക്ക് യഥാക്രമം 5000, 3000 രൂപ വീതവും പ്രശസ്തിപത്രവും ലഭിക്കും. കഥ അഞ്ചുപുറത്തിൽ കവിയരുത്. ടൈപ്പ് ചെയ്തോ നല്ല കൈയ്യക്ഷരത്തിലോ തയ്യാറാക്കിയ കഥയുടെ പി.ഡി.എഫ്. ഫോർമാറ്റ് വകുപ്പുമേധാവിയുടെ സാക്ഷ്യപത്രം സഹിതം jaivam@mgu.ac.in, ajuknarayanan@gmail.com എന്നീ ഇമെയിൽ വിലാസങ്ങളിൽ നവംബർ 20ന് വൈകീട്ട് നാലിനകം നൽകണം. വിശദവിവരത്തിന് ഫോൺ: 9496119457.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ